# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER 28 2022

## ശബരിമല പത്രക്കുറിപ്പ് - 1



ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


---

## പവിത്രം ശബരിമല യജ്ഞത്തിൽ പങ്കാളിയായി ദേവസ്വം ബോർഡ് പ്രസിഡന്റ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പവിത്രം ശബരിമല ശുദ്ധീകരണ യജ്ഞത്തിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പങ്കാളിയായി പ്രവർത്തനങ്ങൾ വിലയിരുത്തി. ശബരിമലയിലെ മാലിന്യ സംഭരണത്തിനും സംസ്കരണത്തിനും പരിഹാരമാവാൻ വൃശ്ചികം ഒന്നിന് (നവംബർ 17) തിരുവിതാംകൂർ ദേവസ്വം ബോർഡ് ആരംഭിച്ച പുതിയ പദ്ധതിയാണ് പവിത്രം ശബരിമല. ഇതിനായി വിശുദ്ധി സേന എന്ന പേരിൽ ശുചിത്വ തൊഴിലാളികൾ സമയാസമയങ്ങളിൽ മാലിന്യം ശേഖരിക്കാൻ സ്ഥാപിച്ച ഗാർബേജ് ബിന്നുകളിൽ നിന്നും മാലിന്യം ട്രാക്ടറുകളിൽ നീക്കം ചെയ്യും. ദേവസ്വം ജീവനക്കാർ, മറ്റ് വകുപ്പ് ജീവനക്കാർ, അയ്യപ്പ സേവാ സംഘം പ്രവർത്തകർ എന്നിവരും പ്രവർത്തനങ്ങളിൽ പങ്കാളികളാവും. മാലിന്യങ്ങൾ തരം തിരിച്ച് ഇൻസിനേറ്ററുകളിൽ എല്ലാ ദിവസവും സംസ്കരിക്കും. ശബരിമല, പമ്പ, നിലയ്ക്കൽ, ശബരിമല ഇടത്താവളങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പവിത്രം ശബരിമലയുടെ പ്രവർത്തനം. കേരള പോലീസിന്റെ പുണ്യം പൂങ്കാവനം എന്ന ശുചിത്വ യജ്ഞവും ഒപ്പംതന്നെ പ്രവർത്തിക്കുന്നു. ശുചീകരണ യജ്ഞത്തിൽ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് ഓഫീസർ ആർ. രവികുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ദേവസ്വം ബോർഡ്

ഉദ്യോഗസ്ഥർ, അയ്യപ്പ സേവാ സംഘം പ്രവർത്തകർ, തുടങ്ങിയവർ പങ്കു ചേർന്നു.

(പി.ആർ.ശബരി- 98)

## മണ്ഡലമകര വിളക്ക്: ബംഗളൂരുവിൽ നിന്ന് ഡിസംബർ ഒന്ന് മുതൽ പ്രത്യേക ബസ് സർവ്വീസ്

കർണാടകയിൽ നിന്നുള്ള അയ്യപ്പഭക്തർക്കായി ര ് പ്രത്യേക ബസ് സർവ്വീസുമായി കർണാടക ആർ.ടി.സി. ബംഗളൂരുവിൽ നിന്ന് പമ്പയിലേക്കും തിരിച്ചും ഒരു രാജഹംസ സർവ്വീസും ഒരു ഐരാവത് വോൾവോ സർവ്വീസുമാണ് ആരംഭിക്കുക. ഡിസംബർ ഒന്ന് മുതൽ ഈ ബസ്സുകൾ സർവീസ് തുടങ്ങും. രാജഹംസ സർവ്വീസ് ദിവസവും ഉച്ചയ്ക്ക് ഒരു മണിക്ക് ബംഗളൂരു ശാന്തിനഗർ ബസ് സ്റ്റാന്റിൽ നിന്ന് തിരിച്ച് പിറ്റേന്ന് പുലർച്ചെ 7.29 ന് പമ്പയിലെത്തും. ഐരാവത് വോൾവോ സർവീസ് ഉച്ചയ്ക്ക് 2 മണിക്ക് ബംഗളൂരു ശാന്തിനഗർ ബസ്റ്റാന്റിൽ നിന്ന് തിരിച്ച് പിറ്റേന്ന് പുലർച്ചെ 6.45 ന് പമ്പയിലെത്തും. തിരിച്ചുള്ള സർവ്വീസ് രാജഹംസ പമ്പയിൽ നിന്ന് വൈകിട്ട് 5 മണിക്ക് തിരിച്ച് പിറ്റേന്ന് ഉച്ചയ്ക്ക് 12 ന് ബംഗളൂരിവിലെത്തും. ഐരാവത് വോൾവോ നിലക്കലിൽ നിന്ന് വൈകിട്ട് 6 മണിക്ക് തിരിച്ച് പിറ്റേന്ന് രാവിലെ 11 മണിക്ക് ബംഗളൂരുവിലെത്തും. ഇരു ബസ്സുകൾക്കും മൈസൂരു റോഡ് സാറ്റലൈറ്റ് ബസ് സ്റ്റാന്റിൽ സ്റ്റോപ്പു ാകും. ടിക്കറ്റുകൾ https://www.ksrtc.in/ എന്ന സൈറ്റിലൂടെ ഓൺലൈനായി ബുക്ക് ചെയ്യാം.

(പി.ആർ.ശബരി- 99)

## ശബരിമലയുടെ പവിത്രത കാക്കാൻ എല്ലാ ഭക്തരും കൈകോർക്കണം: മേൽശാന്തി

പവിത്രമായ സന്നിധാനവും ശബരമല പൂങ്കാനവും സംരക്ഷിക്കേ ത് ഭക്തരുടെ കടയമയാണ് മേൽശാന്തി കെ ജയരാമൻ നമ്പൂതിരി. കൊവിഡ് മഹാമാരി വിട്ടൊഴിഞ്ഞ, പ്രകൃതി അനുകൂലമായി നിൽക്കുന്ന ഒരു മണ്ഡലകാലമാണ് ഇത്തവണത്തേത്. അഭൂതപൂർവ്വമായ ഭക്തജനത്തിരക്കാണ് ഇതുവരെ ഉ ായത്. കൊവിഡിനു മുൻപുള്ള നിലയിലേക്ക് തിരക്ക് വർധിക്കുന്നത് ശബരിമല ലോകോത്തര തീർഥാടന കേന്ദ്രമാകുന്നു എന്നതിന്റെ സൂചനയാണ്. ഇനിയും തിരക്ക് വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തിങ്കളാഴ്ച ഭക്തർക്ക് ഏറെ പ്രധാന്യമുള്ള പന്ത്ര ് വിളക്ക് ഉത്സവം എന്ന പ്രത്യേകത കൂടിയു ്. പന്ത്ര ് വിളക്കിന് ശേഷം തിരക്ക് കൂടും. പന്തിരുകുലത്തിലെ പന്ത്ര ് മക്കളുടെ ദേവിയുപാസനയുമായി ബന്ധപ്പെട്ടതാണ് പന്ത്ര ് വിളക്കുത്സവത്തിന്റെ ഐതിഹ്യമെന്നും മേൽശാന്തി പറഞ്ഞു.

(പി.ആർ.ശബരി-100)

## വലിയ നടപ്പന്തലിൽ സ്റ്റീൽ കുപ്പികളിൽ കുടിവെള്ള വിതരണം ആരംഭിച്ചു

വലിയ നടപ്പന്തലിൽ അയ്യപ്പഭക്തർക്ക് പുതുതായി എത്തിച്ച 500 സ്റ്റീൽ കുപ്പികളിൽ ഔഷധവെള്ള വിതരണം തുടങ്ങി. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ പരിപാടിക്ക് തുടക്കം കുറിച്ചു. ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ, അസിസ്റ്റന്റ് എക ്സിക്യൂട്ടിവ് ഓഫീസർ, മറ്റ് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ, അയ്യപ്പ സേവാ സംഘം പ്രവർത്തകർ എന്നിവർ പങ്കാളികളായി. ശബരിമലയിൽ തിരക്ക് വർധിച്ചത് മൂലം വലിയ നടപ്പന്തലിൽ ക്യൂ നിൽക്കുന്ന ഒമ്പത് വരികൾക്കിടയിൽ ര ണ്ണം ഒഴിച്ചിട്ടിട്ടു ്. ര ് വശങ്ങളിലൂടെയും ഒഴിച്ചിട്ട വരിയിലൂടെ കുടിവെള്ളം വിതരണം ചെയ്യും. വരികൾക്കിടയിലുള്ള ഭക്തർക്കും കുടിവെള്ളം എത്തിക്കാൻ സ്റ്റീൽ കുപ്പിയിൽ വെള്ളം നൽകുന്നതിലൂടെ സാധിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞു. ഹരിത ചട്ടം പാലിച്ച് പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കാനാണ് സ്റ്റീൽ കുപ്പികൾ തിരഞ്ഞെടുത്തത്. വെള്ളം കുടിച്ച ശേഷം ഉടൻ തന്നെ കുപ്പിവെള്ളം മറ്റുള്ള ഭക്തർക്ക് നൽകുകയും കാലിയായ മുറയ്ക്ക് തിരിച്ചേൽപ്പിക്കുകയും ചെയ്യും. തിരക്ക് വർധിച്ചതോടെ ഭക്തർക്കെല്ലാം ദാഹജലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സന്നിധാനത്തേക്കുള്ള വഴിയിലും ശബരിമല സന്നിധാനത്ത് വിവിധ സ്ഥലങ്ങളിലും ഔഷധ വെള്ളം ലഭ്യമാക്കുന്നു ്. ആറര ലക്ഷം പേരാണ് തിങ്കളാഴ്ച (നവംബർ 28) വരെ ശബരിമലയിൽ ദർശനത്തിനായി എത്തിയത്.

കൊവിഡ് രൂക്ഷമായ 2020ലെ തീർത്ഥാടന കാലത്ത് സ്റ്റീൽ കുപ്പികളിൽ കുടിവെള്ളം നൽകിയിരുന്നു. മുൻകൂറായി 100 രൂപ അടച്ച് വാങ്ങിയിരുന്ന സ്റ്റീൽകുപ്പി പിന്നീട് തിരിച്ചേൽപ്പിച്ച് ഡിപ്പോസിറ്റ് തുക തിരികെ വാങ്ങാൻ സാധിച്ചിരുന്നു.

(പി.ആർ.ശബരി - 101)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.